
# മറക്കാനാവാത്ത ഓർമ്മകൾ
# നൽകുന്ന സമ്മാനം!

കാൽ നൂറ്റാണ്ടിൽ ഏറെ ഞാൻ വിദേശത്താണ് വൈദികനായി ജോലി ചെയ്തിട്ടുള്ളത്. ഇതിൽ രണ്ടു പതിറ്റാണ്ടുകൾ അമേരിക്കയിൽ. വിവിധങ്ങളായ അനുഭവങ്ങൾ അവിടെവച്ചെല്ലാം ഉണ്ടായിട്ടുണ്ട്. അവയിൽ ഒട്ടും മറക്കാനാവാത്തത്, അമേരിക്കയിൽ കോർപ്പസ് ക്രിസ്റ്റി രൂപതയിൽ ജോലി ചെയ്യുമ്പോഴാണ് സംഭവിച്ചത്. അവിടെ സെന്റ് ജെയിംസ് ഇടവകയിലെ വികാരിയായിരുന്നു ഞാൻ. ഈ ഇടവകാതിർത്തിയിൽ 4 ജയിലുകൾ ഉണ്ട്, Maximum security prisons of Texas state. അവിടെ 8000 ത്തിൽ കൂടുതൽ അന്തേവാസികളുണ്ട്. എല്ലാ ഞായറാഴ്ച്ചയും വെള്ളിയാഴ്ച്ചയും ഞാൻ ഏതാനും മണിക്കൂറുകൾ അവർക്കൊപ്പമായിരിക്കും. അവക്കുവേണ്ടി കുർബാന ചൊല്ലുക, കുമ്പസാരിപ്പിക്കുക, ആവശ്യമെങ്കിൽ അവരെ ശ്രവിക്കുക. ഏകദേശം 200 പേർ കുർബാനക്കുണ്ടാകും, ഏതാനും ഓഫിസർമാരും. കുർബാനയ്ക്ക് മുൻപ് കുമ്പസാരം. ഈ കുമ്പസാരം ആദ്യം എന്നെ ഭീതിപ്പെടുത്തി. ഒന്നാമതായി, അടച്ചിട്ട മുറിയിൽ ഒറ്റക്കാണ് കുമ്പസാരം. കുമ്പസാരിപ്പിക്കുന്ന അച്ചനിൽ അവർക്കു വിശ്വാസം തോന്നിയാൽ യാതൊരു മറയും ഇല്ലാതെ മനസ് തുറക്കുകയായി.

മനുഷ്യന് ഇത്തരം ക്രൂരകൃത്യങ്ങൾ ചെയ്യാൻ പറ്റുമെന്ന് അന്നാണ് എനിക്ക് മനസ്സിലായത്. ചില അവസരങ്ങളിൽ ഞെട്ടിപ്പോയിട്ടുണ്ട്, സങ്കടംതോന്നിയിട്ടുണ്ട്. സാഹചര്യം എങ്ങനെ മനുഷ്യരെ കഠിന ഹൃദയരും കൊടും കുറ്റവാളികളും ആക്കുന്നു! നാൽപ്പതും അമ്പതും വർഷങ്ങളിലേറെ അവിടെ കിടക്കുന്നവരുണ്ട്. അവരുടെ ഗായക സംഘത്തിൽ ഗിത്താർ വായിക്കുന്ന ആളെ എപ്പോഴും സന്തോഷവനായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്. ഒരിക്കൽ ഞാൻ ചോദിച്ചു, 'നിങ്ങൾ ഏറെ സന്തോഷവനാണല്ലോ. നന്നായി ഗിത്താർ വായിക്കുന്നുണ്ടല്ലോ' അദേഹം തന്ന മറുപടി, 'ഫാദർ, ഞാൻ രണ്ട് ജിവപര്യന്തം കിട്ടിയിട്ടുള്ള ആളാണ്. ഇപ്പോൾ എനിക്ക് വയസു അറുപതായി. ഇവിടെ തന്നെയായിരിക്കും എന്റെ അന്ത്യം.



ഈ ജയിൽ ഇപ്പോൾ എന്റെ കുടുബമാണ്. ഞാൻ അന്തർ ദേശീയമായി അറിയപ്പെടുന്ന ഒരു പ്രൊഫഷണൽ മ്യൂസിക് ട്രൂപ്പിലെ ലീഡു ഗിത്താറിസ്റ്റായിരുന്നു. ഒരുപരിധിവരെ ഞാനായിരുന്നു ട്രൂപ്പിന്റെ ഏല്ലാം എല്ലാം. പക്ഷെ ഒരു ദുർബല നിമിഷത്തിൽ ഞാൻ അരുതാത്തതു ചെയ്തു പോയി. ആരും പൊറുക്കാത്ത കുറ്റം. ഇപ്പോൾ ഞാൻ അതിന്റെ ഫലം അനുഭവിക്കുന്നു. എനിക്ക് ആരോടും പരിഭവമില്ല. എനിക്ക് അർഹിക്കുന്നത് കിട്ടി, അത്രമാത്രം. (നല്ല കള്ളന്റെ വാക്കുകൾ എന്റെ ഓർമയിൽ വന്നു). എന്റെ കുടുംബക്കാരും, സുഹൃത്തുക്കളും, എന്നെ പൂർണ്ണമായി തിരസ്ക്കരിച്ചു. ആരും സന്ദർശിക്കുന്നില്ല, ഫോൺവിളിക്കുന്നില്ല, കത്തെഴുതുന്നില്ല. എന്നെപ്പോലെ ഏറെപ്പേരുണ്ട് ഇവിടെ. കുറേപ്പേരെ ഇപ്പോൾ കാണാനില്ല. കഴുമരത്തിൽ എറ്റിയോ, സ്വതന്ത്രർ ആക്കപ്പെട്ടോ, മറ്റു ജയിലുകളിലേക്കു മാറ്റിയോ. ഒന്നും അറിയില്ല. ഇന്ന് കൂടെപ്പാടിയവനെ നാളെ കണ്ടില്ലെന്നു വരും, ആർക്കും ഒന്നും അറിയില്ല. ആരോടും ചോദിക്കാനും പാടില്ല.'

ഈ ജയിൽപുള്ളികൾ കുമ്പസരിക്കാൻ കാണിക്കുന്ന വ്യഗ്രത എന്നെ അതിശയിപ്പിച്ചിട്ടുണ്ട്. എല്ലാവരുടെയും കമ്പസാരം ഒരു ദിവസംകൊണ്ട് കേൾക്കാൻ സാധിക്കില്ല. ഒരു നിശചിത സമയത്തിനുള്ളിൽ അവിടെ നിന്നും പുറത്തു പോകേണ്ടതുണ്ട്. ചെവിയെ വിശ്വസിക്കാൻ പറ്റാത്ത കഥകളാണ് കുമ്പസാരസമയത്ത് കേൾക്കേണ്ടി വരുന്നത്.

ഒരിക്കൽ ഒരാളോട് ഞാൻ ചോദിച്ചു, 'എന്തുകൊണ്ടാണ് നിങ്ങൾ കുമ്പസാരിക്കാൻ ഇത്ര തിക്കും തിരക്കും കാണിക്കുന്നത്?' പ്രതികരണം, 'ഇവിടെ ഞങ്ങൾക്ക് ആരെയും വിശ്വാസമില്ല. ആരു എപ്പോഴാണ് കുതികാൽ വെട്ടുന്നതെന്നു അറിയില്ല. ഫാദറിനോട് മാത്രമാണ് ഞങ്ങൾക്കു വിശ്വാസത്തോടെ ഉള്ളു തുറന്നു പറയാൻ പറ്റുന്നത്'. അതോടെ കുമ്പസാരിപ്പിക്കാനുള്ള എന്റെ ആവേശം വർധിച്ചു. ഇനിയുമുണ്ട് ഈറനണിയിക്കുന്ന കഥകൾ ഏറെ. വിസ്തരിക്കുന്നില്ല.

ഒരിക്കൽ ഒരാളോട് ഞാൻ ചോദിച്ചു, 'ഇവിടെ നിങ്ങളെ ഏറ്റവും കൂടുതൽ ദുഃഖിപ്പിക്കുന്നത് എന്താണ്'. മറുപടി, 'ഞങ്ങൾക്ക് കുട്ടികളെ കാണാൻ പറ്റുന്നില്ല. കുഞ്ഞങ്ങളും സ്ത്രീകളും ഞങ്ങളുടെ ലോകത്തിൽ ഇല്ല' എനിക്ക് ഈ ഉത്തരം വളരെ അപ്രതീക്ഷിതമായിരുന്നു. കുട്ടികളുടെ സാന്നിദ്ധ്യമില്ലാത്ത നമ്മുടെ പല കുടുംബങ്ങളുടെയും സ്ഥിതി എന്റെ ഓർമ്മയിൽ വന്നു.

ഒരു ഇൻഡോർ ബാസ്കറ്റ്ബോൾ കോർട്ടിലാണ് കുർബാനയും, കുമ്പസാരവും, പാട്ടുപരിശീലനവും, കൗൺസിലിംഗും നടക്കുന്നതെന്നു ഓർക്കുക. ഇവിടെയൊന്നും ചൂടാക്കാനും ശീതികരിക്കാനും മറ്റുമുള്ള സംവിധാനങ്ങളില്ല. ചിലപ്പോൾ കടുത്ത തണുപ്പ്, ചിലപ്പോൾ കടുത്ത ചൂട്. എങ്കിലും അവരോടൊപ്പം ആയിരിക്കുമ്പോൾ സമയം പോകുന്നത് അറിയില്ല. ചിലർ ഇപ്പോഴും എനിക്ക് എഴുതും. എഴുത്തെഴുതാൻ കിട്ടുന്ന നിയന്ത്രിത സൗകര്യങ്ങൾ എനിക്കായി ഉപയോഗപ്പെടുത്തുന്നു എന്ന് ഓർക്കുമ്പോൾ ഏറെ സന്തോഷം തോന്നാറുണ്ട്. മൂന്നര വർഷങ്ങൾക്കുശേഷം അവരോടു യാത്ര പറഞ്ഞു പിരിയുമ്പോൾ എന്റെയും അവരുടെയും കണ്ണുകൾ നിറഞ്ഞു. വേർപാടിന്റെ സമയത്തു, അവർ എനിക്ക് തന്ന സമ്മാനമാണ് ഇതിൽ ചേർത്തിട്ടുള്ള എന്റെ രേഖാചിത്രം. അവരിൽ ഒരാൾ വരച്ചതാണിത്. മരംകൊണ്ടു അവർ തന്നെ കടഞ്ഞെടുത്ത ഒരു കാസയും പീലാസയും ഉണ്ടായിരുന്നു ഒപ്പം. മറക്കാനാകാത്ത ഓർമ്മകൾ നൽകുന്ന രണ്ടു സമ്മാനങ്ങൾ!

**ഫാദർ പോൾ കോട്ടക്കൽ** (Sr.)